**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1116** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പാലാ റിവർവ്യൂ റോഡ് നിർമാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** പാലാ റിവർവ്യൂ റോഡ് മെയിൻ റോഡുമായി ചേരുന്ന ആർ.വി. പാർക്കിനു സമീപം കോമളം ഹോട്ടൽ സ്ഥിതി ചെയ്യുന്ന ഏകദേശം 2 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കോമളം ഹോട്ടൽ സ്ഥിതി ചെയ്യുന്ന വസ്തു ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് വിശദ വിലനിർണ്ണയ പത്രികയും (DVS) പുനരധിവാസ പാക്കേജും അംഗീകരിച്ച് ലഭിച്ചിട്ടുള്ളതും, DVS പ്രകാരമുള്ള ഫണ്ടിന് അർത്ഥനാധികാരിയോട് ആവശ്യപ്പെട്ടിട്ടുള്ളതും, ഫണ്ട് ലഭ്യമായിട്ടില്ലാത്തതുമാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം നടത്തി അവാർഡ് പാസ്സാക്കി ഭൂവുടമയ്ക്ക് നഷ്ടപരിഹാരം നൽകി സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്. പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിന് നിലവിൽ മറ്റ് തടസ്സങ്ങൾ ഇല്ലാത്തതാണ്.

**(ബി)** പ്രസ്തുത റോഡ് നിർമാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; നിജസ്ഥിതി വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കോമളം ഹോട്ടൽ സ്ഥിതി ചെയ്യുന്ന വസ്തു ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് വിശദ വിലനിർണ്ണയ പത്രികയും (DVS) പുനരധിവാസ പാക്കേജും അംഗീകരിച്ച് ലഭിച്ചിട്ടുള്ളതും, DVS പ്രകാരമുള്ള ഫണ്ടിന് അർത്ഥനാധികാരിയോട് ആവശ്യപ്പെട്ടിട്ടുള്ളതും, ഫണ്ട് ലഭ്യമായിട്ടില്ലാത്തതുമാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം നടത്തി അവാർഡ് പാസ്സാക്കി ഭൂവുടമയ്ക്ക് നഷ്ടപരിഹാരം നൽകി സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്. പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിന് നിലവിൽ മറ്റ് തടസ്സങ്ങൾ ഇല്ലാത്തതാണ്.

**സെക്ഷൻ ഓഫീസർ**